# മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

കേന്ദ്ര ഇലക്ട്രോണിക്സ്, വിവര സാങ്കേതിക മന്ത്രാലയത്തിന്റെ നിർദേശാനുസരണം സർവ്വകലാശാലയിൽ ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർ(Chief Information Security Officer) നിയമനം സംബന്ധിച്ച്- 17.07.2017 ൽ കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാനം- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോളേജ് ഡവലപ്മെന്റ് കൗൺസിൽ വിഭാഗം**

സ.ഉ.നം 5013/സിഡി 1/687/CISO-MEIT/2016 തീയതി 16/08/2017

---

**ഉത്തരവ്**

പരാമർശം: 17.07.2017 ൽ നടന്ന സിൻഡിക്കേറ്റ് യോഗമിനിട്ട്സ് ഇനം നമ്പർ 127/16.11/162592

സർവകലാശാലകളിൽ സൈബർ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അടിയന്തിരമായി ഒരു ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറെ (Chief Information Security Officer) നിയമിക്കണമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ്, വിവരസാങ്കേതിക മന്ത്രാലയം നിർദ്ദേശിച്ചിരുന്നു.

2017 ജൂലൈ 17-ാം തീയതി കൂടിയ സിൻഡിക്കേറ്റ് യോഗം ഈ വിഷയം പരിഗണിക്കുകയും സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പ് മേധാവിക്ക് ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറിന്റെ (Chief Information Security Officer) ചുമതല നൽകുവാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ജോയിന്റ് രജിസ്ട്രാർ I**
**(ഭരണവിഭാഗം)**

പകർപ്പ്:

1) വിസിയുടെ പ്രൈവറ്റ് സെക്രട്ടറി
2) രജിസ്ട്രാർ/ കൺട്രോളർ ഓഫ് എക്സാമിനേഷേൻസ്/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ .
3) JR I/II/III/(ഭരണവിഭാഗം)
4) ഡയറക്ടർ,സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്
5) എസിസി/സിഎംഎസ്/ഐക്യുഎസി/സിറ്റെക്സ് സെക്ഷനുകൾ
6) റെക്കോർഡ്സ് വിഭാഗം
7) കരുതൽ ഫയൽ/ഫയൽകോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ